# SSLC EXAMINATION, MARCH - 2021

## BIOLOGY

(Malayalam)

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 40 സ്കോർ ആയിരിക്കും.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

1. മാതൃകയനുസരിച്ച് ചിത്രീകരണം പൂർത്തിയാക്കുക. 1

   മാതൃക : RNA — റൈബോസ് പഞ്ചസാര

   DNA — ----------------

2. ആന്റിബോഡി ഇല്ലാത്ത രക്തഗ്രൂപ്പ് : 1

   (a) A (b) B (c) AB (d) O

3. ആന്തരസമസ്ഥിതി പരിപാലനത്തിന് സഹായിക്കുന്ന മസ്തിഷ്ക ഭാഗം ഏത് ? 1

   (a) സെറിബ്രം

   (b) തലാമസ്

   (c) മെഡുല്ല ഒബ്ലോംഗേറ്റ

   (d) ഹൈപ്പോതലാമസ്

exam WiNNER

Score

4. ശരിയായ ജോഡി തിരഞ്ഞെടുക്കുക. 1

(a) പ്രോലാക്ടിൻ : മുലപ്പാൽ ഉൽപ്പാദനം

(b) അൽഡോസ്റ്റിറോൺ : വളർച്ചയ്ക്ക് സഹായിക്കുന്നു

(c) കോർട്ടിസോൾ : ലവണ-ജല സംതുലിതാവസ്ഥ

(d) മെലാടോണിൻ : രക്തസമ്മർദ്ദം ക്രമീകരിക്കുന്നു

5. ജനിതക എഞ്ചിനീയറിങ്ങിലൂടെ ഉല്പാദിപ്പിച്ച് വൈറസ് രോഗങ്ങൾക്ക് എതിരെ ഉപയോഗിക്കുന്ന പ്രോട്ടീൻ : 1

(a) ഇൻസുലിൻ

(b) ഇന്റർഫെറോണുകൾ

(c) എൻഡോർഫിൻ

(d) സൊമാറ്റോട്രോപ്പിൻ

6. പദജോഡിബന്ധം തിരിച്ചറിഞ്ഞ് വിട്ടുപോയ ഭാഗം പൂരിപ്പിക്കുക. 1

ജനിതക കത്രിക : റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ്

ജനിതക പശ : ____________

7. ചുവടെ നൽകിയിരിക്കുന്നവയിൽ പീതബിന്ദുവിനെ സംബന്ധിച്ച ശരിയായ പ്രസ്താവന ഏത് ? 1

(a) ഈ ഭാഗത്ത് കാഴ്ചയില്ല.

(b) ഇവിടെ പ്രകാശഗ്രാഹികളില്ല.

(c) നേത്രനാഡി ആരംഭിക്കുന്നത് ഇവിടെനിന്നാണ്.

(d) പ്രതിബിംബത്തിന് ഏറ്റവും തെളിമയുള്ളത് ഇവിടെയാണ്.

8. യുവത്വ ഹോർമോൺ എന്നറിയപ്പെടുന്നത് ഏത് ? 1

(a) അഡ്രിനാലിൻ

(b) തൈമോസിൻ

(c) ആൽഡോസ്റ്റിറോൺ

(d) ടെസ്റ്റോസ്റ്റിറോൺ

9. പ്രോട്ടോസോവ രോഗം ഏത് ? 1

(a) മലമ്പനി (b) എയ്ഡ്സ് (c) എലിപ്പനി (d) നിപ

10. സെർക്കോപിത്തിക്കോയിഡെ വിഭാഗത്തിൽ പെടുന്ന ജീവി ഏത് ? 1

(a) ഗോറില്ല (b) ഗിബ്ബൺ (c) കുരങ്ങ് (d) ചിമ്പാൻസി

**11 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

11. ത്വക്കിനെ ശരീരത്തിന്റെ സുരക്ഷാകവചമായി കണക്കാക്കുന്നു. എന്തുകൊണ്ട് ? 2

12. തന്നിരിക്കുന്ന പ്രസ്താവനകളിൽ അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക. 2

(a) രാസഗ്രാഹികൾ ഉദ്ദീപിപ്പിക്കപ്പെടുന്നതിന് രുചിക്ക് കാരണമാവുന്ന വസ്തുക്കൾ <u>ശ്ലേഷ്മത്തിൽ</u> ലയിക്കേണ്ടതുണ്ട്.

(b) <u>കോക്ലിയയ്ക്ക്</u> ഉള്ളിൽ ശബ്ദം കേൾക്കാൻ സഹായിക്കുന്ന സവിശേഷ രോമകോശങ്ങളുണ്ട്.

(c) <u>കോൺ കോശങ്ങളുടെ</u> തകരാറ് മൂലം ഉണ്ടാകുന്ന രോഗാവസ്ഥയാണ് വർണാന്ധത.

(d) ഈച്ചയുടെ കണ്ണിലെ പ്രകാശഗ്രാഹികളുടെ കൂട്ടമാണ് <u>ഐസ്പോട്ട്</u>.

13. പ്രോട്ടീൻ നിർമ്മാണത്തിൽ mRNA -യുടെയും tRNA -യുടെയും പങ്കെന്ത് ? 2

14. ചുവടെ നൽകിയിരിക്കുന്ന പട്ടിക ഉചിതമായി പൂർത്തിയാക്കുക. 2

| ലക്ഷണം | കാരണം | രോഗം |
|---|---|---|
| (i) | തലച്ചോറിൽ ഡോപമിന്റെ ഉൽപ്പാദനം കുറയുന്നു. | (iii) |
| കേവല ഓർമകൾ പോലും ഇല്ലാതാവുകയും ദിനചര്യകൾ പോലും ചെയ്യാൻ കഴിയാതെ വരുകയും ചെയ്യുന്നു. | (ii) | (iv) |


Score

15. കൂർത്ത വസ്തുവിൽ അറിയാതെ സ്പർശിക്കുമ്പോൾ നാം പെട്ടെന്ന് കൈ പിൻവലിക്കുന്നു.

(a) ഇത്തരം പ്രതികരണങ്ങൾ എന്ത് പേരിൽ അറിയപ്പെടുന്നു ? 1

(b) ഇതിന്റെ രണ്ട് തരങ്ങൾ ഏതെല്ലാം ? 1

16. രാസപരിണാമവുമായി ബന്ധപ്പെട്ട ചിത്രീകരണം ചുവടെ നൽകിയിരിക്കുന്നു. ഉചിതമായി പൂർത്തിയാക്കുക 2




17. ചുവടെ നൽകിയിരിക്കുന്ന ശരീര ഭാഗങ്ങളിൽ രോഗാണുക്കളെ പ്രതിരോധിക്കുന്നതിനായി ഉൽപ്പാദിക്കപ്പെടുന്ന ശരീരസ്രവങ്ങളുടെ പേരെഴുതുക. 2

(a) ചെവി

(b) ആമാശയം

(c) ശ്വാസനാളി

(d) മൂത്രപഥം

Score

18. ബോക്സിൽ നൽകിയിരിക്കുന്ന ധർമങ്ങളെ ഉൾപ്പെടുത്തി പട്ടികയിലെ കോളം-B ഉചിതമായി പൂർത്തിയാക്കുക. 2

| A. സസ്യ ഹോർമോണുകൾ | B. ധർമം |
|---|---|
| (a) ജിബ്ബർലിൻ | (i) |
| (b) ഓക്സിൻ | (ii) |
| (c) അബ്സെസിക് ആസിഡ് | (iii) |
| (d) അബ്സെസിക് ആസിഡും എഥിലിനും | (iv) |

- ഇലകളും പഴങ്ങളും പൊഴിയൽ
- ഇല വിരിയൽ
- ഫല രൂപീകരണം
- ഭ്രൂണത്തിന്റെ സുപ്താവസ്ഥ

19. DNA ഫിംഗർ പ്രിന്റിംഗ് സാങ്കേതിക വിദ്യയുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക. 2

20. രക്തത്തിലെ കാൽസ്യത്തിന്റെ അളവ് നിയന്ത്രിക്കുന്ന ഗ്രന്ഥികളും അവ ഉൽപ്പാദിപ്പിക്കുന്ന ഹോർമോണുകളും ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക. 2

| രക്തത്തിലെ കാൽസ്യത്തിന്റെ അളവ് | ഹോർമോൺ | ഗ്രന്ഥി |
|---|---|---|
| (a) കൂടുമ്പോൾ | (i) | (ii) |
| (b) കുറയുമ്പോൾ | (iii) | (iv) |

21. ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2



(a) പ്രകാശഗ്രാഹീകോശം ഏത് ?


(b) ഈ കോശത്തിൽ അടങ്ങിയിരിക്കുന്ന വർണകമേത് ?

(c) ഈ വർണകത്തിന്റെ ധർമം എന്ത് ?

(d) ഈ വർണകത്തിന്റെ അപര്യാപ്തത മൂലം ഉണ്ടാകുന്ന നേത്രവൈകല്യം ഏത് ?

Score

22. ചിത്രീകരണം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.





(a) (i), (ii) എന്നിവ പൂരിപ്പിക്കുക. 1

(b) കുഞ്ഞ് ആണോ പെണ്ണോ എന്ന് നിശ്ചയിക്കപ്പെടുന്നത് പിതാവിൽ നിന്നുള്ള ക്രോമസോമുകളാണ്. വിശദീകരിക്കുക. 1

**23 മുതൽ 32 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

23. ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) ചിത്രീകരണം തിരിച്ചറിയുക. 1

(b) A, B എന്നിവ എന്തിനെ സൂചിപ്പിക്കുന്നു ? 1

(c) DNA തന്മാത്രയിൽ മാത്രം കാണുന്ന 'B' –യുടെ തരം എഴുതുക. 1

exam WiNNER ®

Score

24. പ്രസ്താവന വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.


'അനിയന്ത്രിതമായ കോശവിഭജനം മൂലമാണ് കാൻസർ ഉണ്ടാകുന്നത്.'

(a) അനിയന്ത്രിതമായ കോശവിഭജനത്തിന്റെ കാരണമെന്ത് ? 1

(b) കാൻസറിന് കാരണമാകുന്ന രണ്ട് ഘടകങ്ങൾ എഴുതുക. 1

(c) കാൻസർ സാധ്യത തടയാൻ സഹായകമായ ഏതെങ്കിലും രണ്ട് മുൻകരുതലുകൾ എഴുതുക. 1

25. ബോക്സിൽ നൽകിയിരിക്കുന്ന പ്രസ്താവനകളെ ഉചിതമായി ക്രമീകരിച്ച് ചിത്രീകരണം പൂർത്തിയാക്കുക. 3




- ശരീര തുലനനില പാലിക്കുന്നു
- സെറിബെല്ലം
- ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു
- ചിന്ത, ബുദ്ധി, ഓർമ, ഭാവന എന്നിവയുടെ കേന്ദ്രം
- തലാമസ്
- ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആവേഗങ്ങളെ സെറിബ്രത്തിലേക്ക് അയക്കുന്നു.

exam WINNER

Score

**26.** പട്ടിക വിശകലനം ചെയ്ത് A കോളത്തിന് അനുസരിച്ച് കോളം B, C എന്നിവ ക്രമീകരിക്കുക. 3

| A | B | C |
|---|---|---|
| അക്രോമെഗാലി | വളർച്ചാ ഘട്ടത്തിലെ സൊമാറ്റോ ട്രോപ്പിന്റെ അമിതോൽപ്പാദനം | കഴുത്തിലെ മുഴ |
| ക്രെട്ടിനിസം | വളർച്ചാഘട്ടത്തിന് ശേഷമുള്ള സൊമാറ്റോട്രോപ്പിന്റെ അമിതോൽപ്പാദനം | അമിതമായ ശരീരവളർച്ച |
| ഭീമാകാരത്വം | ശൈശവാവസ്ഥയിലെ തൈറോക്സിന്റെ ഉൽപ്പാദനക്കുറവ് | മുഖം, താടിയെല്ല് വിരൽ എന്നിവിടങ്ങളിലെ അസ്ഥികളുടെ അമിത വളർച്ച |
| | തൈറോക്സിന്റെ അമിതോൽപ്പാദനം | കുട്ടികളിൽ ഉണ്ടാകുന്ന ശാരീരിക മാനസിക വളർച്ച മുരടിപ്പ് |

**27.** കേൾവിയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ഫ്ലോചാർട്ടിൽ വിട്ടുപോയവ പൂരിപ്പിക്കുക. 3

